# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 6

01-12-.2014-ലെ
മറുപടിക്ക്

### ഇന്നൊവേഷൻ കൗൺസിലിന്റെ ഘടനയും പ്രവർത്തനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി ഉബൈദുള്ള :<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് :<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് രൂപീകരിച്ച ഇന്നൊവേഷൻ കൗൺസിലിന്റെ ഘടന വ്യക്തമാക്കുമോ; | (എ) | സ.ഉ (ആർ.റ്റി) നം.272/13/പ്ലാനിംഗ് തീയതി: 08-07-2013 പ്രകാരം, ശ്രീ. കെ. ജോസ് സിറിയക് ഐ.എ.എസ്, ചീഫ് സെക്രട്ടറി (റിട്ടയേർഡ്) ചെയർമാനായി കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ രൂപീകരിച്ചു. തുടർന്ന് സ.ഉ.(എം.എസ്.) നം. 37/2014/ പ്ലാനിംഗ് തീയതി: 14-08-2014 പ്രകാരം 19 അംഗങ്ങളെ കൂടി കൗൺസിലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുകയുണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | 2013-ൽ രൂപീകൃതമായ കൗൺസിൽ ഇതേവരെ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (ബി) | 14-08-2014 -ലെ സർക്കാർ ഉത്തരവിലൂടെ 19 അംഗങ്ങളെ നാമനിർദ്ദേശം ചെയ്തതിനുശേഷം കൗൺസിലിന്റെ ആദ്യ മീറ്റിംഗ് 01-10-2014 -ൽ ചേരുകയുണ്ടായി. |

(സി) കേന്ദ്ര ഇന്നൊവേഷൻ കൗൺസിലിന്റെ ഘടനയുമായി സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന് സാമ്യമുണ്ടോ എന്നും സംസ്ഥാന കൗൺസിൽ ഇതഃപര്യന്തം ഏതൊക്കെ വിഷയങ്ങൾ പരിഗണിച്ച് തീരുമാനത്തിലെത്തിയിട്ടുണ്ട് എന്നത് സംബന്ധിച്ചുള്ള വിശദ വിവരം നൽകാമോ?

(സി) ഇന്നൊവേഷൻ മേഖലയുമായി ബന്ധമുള്ള പ്രധാന വകുപ്പുകളിലെ ഉദ്യോഗസ്ഥൻ മാരേയും പ്രത്യേക മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ച അനുദ്യോഗസ്ഥൻമാരേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു മുഴുവൻ സമയ ചെയർമാന്റെ അദ്ധ്യക്ഷതയിലാണ് കേന്ദ്ര ഇന്നൊവേഷൻ കൗൺസിൽ രൂപീകരി ച്ചിട്ടുള്ളത്. അതേ മാതൃകയിലാണ് സംസ്ഥാന ഇന്നൊവേഷൻ കൗൺസിലും രൂപീകരിച്ചിട്ടുള്ളത്.

കൗൺസിലിന്റെ 01-10-2014 ലെ യോഗത്തിന്റെ മിനിറ്റ്സ് അനുബന്ധമായി വയ്ക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**